# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4038 — 25.06.2014 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികൾ മേൽ തലങ്ങളിലേക്ക് ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഒരു സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ/മറ്റ് സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയെങ്കിലും ഉണ്ടായിരിക്കണമെന്നും മിനിമം 100 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണമെന്നും 100-ൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുള്ള താലൂക്ക് ആശുപത്രികളെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ആക്കി ഉയർത്താമെന്നും 06.11.2008-ലെ ജി.ഒ (എം.എസ്) 568/08/ആകുവ എന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആശുപത്രികളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യം, ജനസംഖ്യ കൂടുതലായി കണ്ടുവരുന്ന രോഗങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ചികിത്സാ യൂണിറ്റുകൾ നിശ്ചയിക്കുന്നത്. |
| (ബി) താലൂക്ക് ആശുപത്രികളെ ജില്ല/ജനറൽ ആശുപത്രികളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ നിർബന്ധിത അടിസ്ഥാന സൗകര്യങ്ങൾ/മറ്റ് സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) ഒരു ജില്ലയിൽ ഒന്നോ അതിലധികമോ ജില്ല/ജനറൽ ആശുപത്രികൾ അനുവദിക്കാമെന്ന് 06.11.2008-ലെ ജി.ഒ (എം.എസ്) 568/08/ആകുവ എന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. മിനിമം 250 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികളെ ജില്ല/ജനറൽ ആശുപത്രികളായി ഉയർത്താവുന്നതാണ്. |

| | |
|---|---|
| (സി) ഇത്തരത്തിൽ ജില്ലാ ആശുപത്രി കളോ/ജനറൽ ആശുപത്രികളോ ആയി ഉയർത്താൻ യോഗ്യത യുള്ള സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ ഏതെല്ലാമെന്ന് പറയുമോ? | (സി) താലൂക്ക് ആശുപത്രി വൈക്കം, തൊടുപുഴ എന്നിവയിൽ അനുവദിച്ച കിടക്കകളുടെ എണ്ണം യഥാക്രമം 260, 304 എന്നിങ്ങനെയാണ്. ടി ആശുപത്രികളിൽ നിലവിലുള്ള ചികിത്സാ/ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ എണ്ണം എന്നിവ വർദ്ധിപ്പിച്ച് ജില്ല/ജനറൽ ആശുപത്രികളായി ഉയർത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ